## വോട്ടിംഗ് സമാധാന പൂർണ്ണമാക്കാൻ കർശന നടപടി.



നിയസഭാ തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവി കെ.കാർത്തിക് പ്രശ്നബാധിത ബൂത്തുകൾ സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തി. സമാധാനപരമായി വോട്ടു ചെയ്യാനുള്ള എല്ലാ സംവിധാനങ്ങളും ഒരുക്കിയിട്ടുണ്ടെന്ന് എസ്.പി പറഞ്ഞു. സന്ദർശനത്തിനിടയിൽ പൊതുജനങ്ങളുമായി ചർച്ച ചെയ്തു. അവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ആരാഞ്ഞു. ക്രമസമാധാന പ്രശ്നങ്ങൾ ഉണ്ടാവില്ലെന്ന് ഉറപ്പു വരുത്തിയിട്ടുണ്ടെന്ന് എസ്.പി വോട്ടർമാരോടു പറഞ്ഞു. സമ്മതിദാനം രേഖപ്പെടുത്തേണ്ടതിന്റെ ആവശ്യകത അവരെ ബോധ്യപ്പെടുത്തി.. ഇലക്ഷനോടനുബന്ധിച്ച് പ്രശ്നക്കാരെ നിരീക്ഷിക്കുകയും ആവശ്യം വന്നാൽ കരുതൽ തടങ്കലിൽ വയ്ക്കുകയും ചെയ്യും. പ്രശ്ന ബാധിത ബൂത്തുകളിൽ കേന്ദ്രസേനയും കൂടുതൽ പോലിസും ഡ്യൂട്ടിക്കുണ്ടാകും. പോളിംഗ് സ്റ്റേഷനിലും പരിസരങ്ങളിലും ക്രമസമാധന ലംഘനങ്ങൾ നടത്തിയാൽ ശക്തമായ നടപടി ഉണ്ടാകും. മറ്റു ബൂത്തുകളിലും പരിശോധന നടത്തി. ക്രമീകരണങ്ങൾ പരിശോധിച്ചു. ഞായറാഴ്ച മുതൽ പോലിസ് വിന്യാസം ആരംഭിക്കും. ഇലക്ഷൻ ദിനത്തിലെ കേസുകൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ചിട്ടുണ്ട്. ഏതു സമയത്തും പോലിസിന്റെ സേവനം ലഭ്യമാകുന്ന തരത്തിലുള്ള ക്രമീകരണങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്നും എസ്.പി കാർത്തിക് പറഞ്ഞു.